ഖുത്ബ
**31.12.2004**
ഫ്രാൻസ്.

بسم الله الرحمن الرحيم

# ജമാഅത്ത്‌വ്യവസ്ഥിതിയോട് പറ്റിച്ചേർന്നിരിക്കുക.

إِنَّ اللَّهَ يَأْمُرُكُمْ أَن تُؤَدُّوا الْأَمَانَاتِ إِلَىٰ أَهْلِهَا وَإِذَا حَكَمْتُم بَيْنَ النَّاسِ أَن تَحْكُمُوا بِالْعَدْلِ إِنَّ اللَّهَ نِعِمَّا يَعِظُكُم بِهِ إِنَّ اللَّهَ كَانَ سَمِيعًا بَصِيرًا (4:59)

ഹസ്റത്ത് മസീഹ് മൗഊദ് (അ)നുശേഷം അഹ്മദിയ്യാ ജമാഅത്തിൽ ഖിലാഫത്ത് വ്യവസ്ഥിതി ആരംഭിച്ചു എന്നത് അല്ലാഹുവിന്റെ അപാരമായ ഔദാര്യമാണ്. ഈ ഖിലാഫത്ത് വ്യവസ്ഥിതിയ്ക്കു ചുറ്റും, ജമാഅത്തിന്റെ ചെറിയ ചെറിയ തലം മുതൽ ദേശീയ തലംവരെയുള്ള വ്യവസ്ഥിതി കറങ്ങിക്കൊണ്ടിരിക്കുന്നു. അതായത് ഏതെങ്കിലും ചെറിയ ജമാഅത്തിലെ സദ്ർ മുതൽ ദേശീയ അമീർ വരെ, നേരിട്ടോ അല്ലാതെയോ ഖലീഫയുമായിട്ട് ബന്ധമുണ്ടാകുന്നു. കൂടാതെ ഒരു വ്യക്തിയ്ക്കും വ്യക്തിഗതമായ നിലയിലും ബന്ധം സ്ഥാപിക്കാവുന്നതാണ്. ജമാഅത്തിലെ ഓരോ വ്യക്തിയും ഖലീഫയുമായി ബന്ധപ്പെടാറുണ്ട്. എന്നാൽ, ഏതെങ്കിലും ജമാഅത്ത് ഭാരവാഹിയെക്കുറിച്ച് എന്തെങ്കിലും പരാതിയുണ്ടെങ്കിൽ, അഥവാ ഖലീഫ വരെ അതെത്തിയ്ക്കാനാഗ്രഹിക്കുന്നെങ്കിൽ, എല്ലാത്തരം വ്യക്തിഗതമായ ബന്ധം നിലവിലിരിക്കെത്തന്നെ ആ പരാതി അമീർ മുഖാന്തിരം തന്നെയാണ് എത്തിക്കേണ്ടത്. ദേശീയ അമീർ, അദ്ദേഹത്തിന്നെതിരെയുള്ള പരാതിയാണെങ്കിൽപ്പോലും അതു മുകളിലെത്തിക്കേണ്ടതാണ്. എന്തെങ്കിലും വിശദീകരണം ആവശ്യമെന്ന് തോന്നുന്നെങ്കിൽ വിശദീകരിക്കേണ്ടതുമാണ്; ഇതുമുഖേന കൂടുതൽ എഴുത്തുകുത്തുകൾ നടത്തി സമയം പാഴാകുന്നത് ഒഴിവാക്കാൻ കഴിയും. എന്നാൽ, പരാതിക്കാരൻ തന്റെ ഏതെങ്കിലും വ്യക്തിപരമായ വൈരാഗ്യം കൊണ്ട് ഏതെങ്കിലും ഭാരവാഹിക്കെതിരെ പരാതി നല്കി അതിനെ ജമാഅത്ത്പരമായ രീതിയിൽ കൊണ്ടുവരാതെ ദൈവഭയത്തോടെ പ്രവർത്തിക്കേണ്ടതാണ്. അറിവ് കുറഞ്ഞവർ അല്ലെങ്കിൽ ഭൗതികസുഖലോലുപതയുടെ സ്വാധീനത്തിന് വിധേയരായവർ ജമാഅത്തിന്റെ അന്തസ്സിനും അഭിമാനത്തിനും നിരക്കാത്ത കാര്യങ്ങൾ ചിലപ്പോൾ പറയാറുണ്ട്. അതുകൊണ്ട് അത്തരം ദൗർബല്യമുള്ളവർക്കും, അല്ലെങ്കിൽ അറിവ് കുറഞ്ഞവർക്കും കാര്യം മനസ്സിലാക്കിക്കൊടുക്കുന്നതിനുവേണ്ടി, അത്തരം കാര്യങ്ങളിൽനിന്ന് വിട്ടുനില്ക്കാൻ ഞാൻ പറയുകയാണ്. ഭാരവാഹികളെ തിരഞ്ഞെടുപ്പിലൂടെയാണ് തിരഞ്ഞെടുക്കുന്നത്. പൊതുവെ ഈ രീതിയാണ് നടന്നുവരുന്നത്; ചില പ്രത്യേക സാഹചര്യങ്ങളിൽ നേരിട്ട് ഭാരവാഹികളെ നിശ്ചയിക്കാറുമുണ്ട്. ഇതും ഖലീഫയുടെയോ കേന്ദ്രത്തിന്റേയോ അനുവാദത്തോടെയാണ് നിശ്ചയിക്കുന്നത്. ഭൂരിപക്ഷ തീരുമാനപ്രകാരം ഒരാൾ തിരഞ്ഞെടുക്കപ്പെട്ടുകഴിഞ്ഞാൽ, തിരഞ്ഞെടുക്കപ്പെട്ട വ്യക്തിയ്ക്ക് വോട്ടുചെയ്യാത്തയാളും പൂർണ്ണഅനുസരണത്തോടുകൂടി അയാൾക്കൊപ്പം നില്ക്കേണ്ടതാണ്. ജമാഅത്ത് ഒന്നടങ്കം ഇങ്ങനെ നിലനിന്നാൽ അത് ഈയമുരുക്കിയൊഴിച്ച് നിർമ്മിച്ച ഭിത്തിപ്പോലെ നിലനില്ക്കുന്നതാണ്. ഇക്കാര്യങ്ങളെല്ലാം ഞാൻ പറയുന്നത്, എവിടെ നിന്നെങ്കിലും കലഹത്തിന്റെ ദുർഗന്ധമോ, അല്ലെങ്കിൽ അതുപോലുള്ള മറ്റെന്തെങ്കിലും പ്രശ്നങ്ങളോ ഉള്ളതുകൊണ്ടല്ല. ചില സുഖലോലുപരായ ആളുകൾ, തങ്ങളുടെ അറിവുകേടുകൊണ്ടോ, വിവരക്കേടുകൊണ്ടോ, ഭൗതികതയിൽ മുഴുകുന്നതുകൊണ്ടോ പുതിയതായി വരുന്ന ആളുകളെ സ്വാധീനിക്കും വിധം അത്തരം കാര്യങ്ങൾ പറയാൻ ഇടയുള്ളതുകൊണ്ടാണ് ഞാനിതു പറയുന്നത്. ഇതു കൂടാതെ, നവാഗതരായ അഹ്മദികളുടെ തർബിയ്യത്തിനും ഇതു പറയേണ്ടതാവശ്യമാണ്. അതായത് ജമാഅത്തിന്റെ വ്യവസ്ഥിതിയെക്കുറിച്ചും, ഭാരവാഹികളുടെ ചുമതലകളെക്കുറിച്ചും അവർക്കു പറഞ്ഞുകൊടുക്കേണ്ടതാണ്. കാരണം പുതിയതായി വരുന്നവർക്ക് ഇത്തരം ചോദ്യങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കും. ദൈവിക വാഗ്ദാനമനുസരിച്ച് ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ജമാഅത്തിൽ ഈ വ്യവസ്ഥിതി, ഖിലാഫത്ത് വ്യവസ്ഥിതിയോടൊപ്പം നിലനില്ക്കേണ്ടതാണ്. ഇപ്പോൾ ഇത് അല്ലാഹുവിന്റെ അനുഗ്രഹത്താൽ സുശക്തമായ അടിത്തറയിൽ നിലനിന്നുകഴിഞ്ഞിരിക്കുകയാണ്. ഒരു എതിരാളിക്കും ശത്രുവിനും ഇതിനു ക്ഷതമേല്പിക്കുവാൻ സാധ്യമല്ല. ഇൻശാഅല്ലാഹ്.

പക്ഷേ, ചില കാര്യങ്ങൾ പുതുമയോടെ ഓർമവയ്ക്കുന്നതിനുവേണ്ടി ഇടയ്ക്കിടെ അവ അയവിറക്കിക്കൊണ്ടിരിക്കേണ്ടതാണ്; പഴയ അഹ്മദികളുടെ സ്മരണയിൽ അവ പുതുമയോടെ നിലനില്ക്കുന്നതിനും അതിനോടൊപ്പം നവ അഹ്മദികൾ അവയിൽനിന്ന് ഫലമെടുക്കുന്നതിനുംവേണ്ടി. ഒരിക്കലും ആരുടെ മനസ്സിലും ഒരു തരത്തിലുള്ള അസ്വസ്ഥതയും ഉണ്ടാകാൻ പാടില്ല. ഒന്നാമതായി നമുക്ക് വിശുദ്ധഖുർആനിൽനിന്ന് മാർഗ്ഗദർശനം തേടാം. എങ്ങനെ നമ്മുടെ ഭാരവാഹികളെ തിരഞ്ഞെടുക്കണമെന്നാണ് അല്ലാഹു പറഞ്ഞിട്ടുള്ളതെന്ന് നമുക്ക് നോക്കാം. ഞാൻ ഓതിയ വചനത്തിൽ അല്ലാഹു

പറയുന്നു: "നിശ്ചയമായും അല്ലാഹു, അമാനത്തുകൾ അവയുടെ അവകാശികൾക്ക് ഏല്പിക്കണമെന്ന് നിങ്ങളോട് കല്പിക്കുന്നു; ജനങ്ങൾക്കിടയിൽ നിങ്ങൾ വിധി കല്പിക്കുമ്പോൾ നീതിപൂർവം നിങ്ങൾ വിധി കല്പിക്കണം. അല്ലാഹു നിങ്ങളോട് ഉപദേശിക്കുന്നതെന്തോ അത് ഏറ്റവും ഉത്തമമായതാകുന്നു. നിശ്ചയമായും അല്ലാഹു വളരെ കേൾക്കുന്നവനും നല്ലപോലെ കാണുന്നവനുമാകുന്നു." (4:59)

വോട്ടർമാരോട് ഒന്നാമതായി പറഞ്ഞത്, അർഹരായവരെ തിരഞ്ഞെടുക്കുക എന്നാണ്. ഏതൊരു പ്രവൃത്തി ചെയ്യാൻ സാധിക്കുമോ ആ പ്രവൃത്തിയ്ക്കു പറ്റിയ ആളുകളേയും സമയം ചെലവഴിക്കാൻ കഴിയുന്നവരേയും നോക്കി തിരഞ്ഞെടുക്കുക. അല്ലാതെ നിങ്ങളുമായി ബന്ധപ്പെട്ടവരെ മാത്രം തിരഞ്ഞെടുക്കുക എന്നതല്ല. വോട്ടർമാരിൽ വലിയൊരു ഉത്തരവാദിത്വമാണ് ഇവിടെ എല്പിച്ചിട്ടുള്ളത്. അതുകൊണ്ട് ജമാഅത്തിന്റെ നിയമമനുസരിച്ച് വോട്ട് ചെയ്യാൻ അർഹതയുള്ളവർ എപ്പോഴും ഉത്തമരായവരെ തിരഞ്ഞെടുക്കാൻ ദുആചെയ്തു കൊണ്ട് തീരുമാനമെടുക്കേണ്ടതാണ്. ഇവിടെ സാന്ദർഭികമായി ഒരുകാര്യം വ്യക്തമാക്കാൻ ആഗ്രഹിക്കുകയാണ്. അതാണ്, ചില സന്ദർഭങ്ങളിൽ ചിലരുടെ മേൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടാകും. അതുകൊണ്ട് അവർക്ക് തിരഞ്ഞെടുപ്പിൽ പങ്കെടുക്കാൻ സാധിക്കുകയില്ല. അത്തരം സന്ദർഭങ്ങളിൽ, 'ഞങ്ങളുടെ നോട്ടത്തിൽ ഇന്നയാൾ ഇന്ന സ്ഥാനത്തേക്ക് യോഗ്യനാണ്, അതുകൊണ്ട് അയാൾക്ക് വോട്ടു ചെയ്യാൻ ഞങ്ങൾക്ക് അനുവാദം നല്കണം ഇല്ലെങ്കിൽ ഞങ്ങൾ തിരഞ്ഞെടുപ്പിൽ പങ്കെടുക്കില്ല' എന്നൊക്കെ പറഞ്ഞ് വാശിപിടിക്കാൻ പാടില്ല. ഇത് തെറ്റായ പ്രവണതയാണ്. തിരഞ്ഞെടുപ്പിൽ പങ്കെടുക്കാൻ പാടില്ല എന്ന തീരുമാനം ഉണ്ടായിക്കഴിഞ്ഞാൽ പിന്നീട് അതിൽ നിർബന്ധം പിടിക്കാൻ പാടില്ല. ഇതാണ് അനുസരണത്തിന്റേയും ജമാഅത്ത് വ്യവസ്ഥിതിയോടുള്ള ആദരവിന്റേയും തേട്ടം. ഇവിടെ ഒരു കാര്യംകൂടി വ്യക്തമാക്കട്ടെ. ഈ ഖുത്ബ ഫ്രാൻസിൽ വെച്ചാണ് നിർവഹിക്കപ്പെടുന്നത്. അതുകൊണ്ട് ഇതുപോലുള്ള സംഭവം ഇവിടെ നടന്നിട്ടുണ്ടാവാമെന്ന് ചിന്തിച്ച് നിങ്ങൾ ബുദ്ധിമുട്ടുന്നുണ്ടാവും. ഇവിടെ ഇത്തരം സംഭവം ഒന്നും നടന്നിട്ടില്ലെന്ന് വ്യക്തമാക്കിക്കൊള്ളട്ടെ. അല്ലാഹുവിന്റെ അനുഗ്രഹത്താൽ നല്ല മുഖ്‌ലിസായ ജമാഅത്താണിത്. പാക്കിസ്ഥാൻകാരും, പാക്കിസ്ഥാൻകാരല്ലാത്തവരും തമ്മിൽ 60:40 എന്ന അനുപാതത്തിൽ സ്ഥിതിചെയ്യുന്ന യൂറോപ്പിലെ ഒരേയൊരു ജമാഅത്താണിത്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ മറ്റുള്ളവർ ജമാഅത്തിൽ പ്രവേശിച്ചുകൊണ്ടിരിക്കുന്നു. പാക്കിസ്ഥാനികൾ കുറച്ചാകുകയും പാക്കിസ്ഥാൻ കാരല്ലാത്തവരും മറ്റു ജനതകളിലുള്ളവരും അധികമാവുകയും ചെയ്യുന്നകാലം വിദൂരമല്ല. ഇതുവരെ അഹ്മദിയായിട്ടുള്ള വിദേശികൾ - വിദേശികൾ എന്നതുകൊണ്ട് ഞാനുദ്ദേശിക്കുന്നത് ഫ്രാൻസിലും വിദേശരാഷ്ട്രങ്ങളിൽ നിന്നുള്ള വിവിധ ജനതകൾ വസിക്കുന്നുണ്ട്, അവരിൽനിന്ന് അഹ്മദിയ്യത്ത് സ്വീകരിച്ചവരാണ് - പേരിനുമാത്രമുള്ള അഹ്മദികളല്ല. പ്രത്യുത അല്ലാഹുവിന്റെ അനുഗ്രഹത്താൽ പൂർണ്ണമായും അവർ ജമാഅത്തു വ്യവസ്ഥിതിയുടെ ഭാഗമാണ്. അവർ ജലസ സാലാനയിലും വളരെ ഉത്തരവാദിത്വത്തോടും വലിയ താൽപര്യത്തോടുംകൂടി തങ്ങളുടെ ഡ്യൂട്ടികൾ നിർവഹിച്ചു. ജമാഅത്തിന്റെ അഭിവൃദ്ധിയ്ക്കായി അങ്ങേയറ്റം വികാരമുൾക്കൊള്ളുന്നവരാണ്. അല്ലാഹുതആല അവരുടെ ആത്മാർത്ഥതയിലും വിശ്വാസത്തിലും ഇനിയും പുരോഗതി നല്കിക്കൊണ്ടിരിക്കുമാറാകട്ടെ.

ഞാൻ പറഞ്ഞുവന്നത്, ഫ്രാൻസിൽ ഇത്തരം സംഭവങ്ങൾ ഒന്നും ഉണ്ടായിട്ടല്ല. എന്നാൽ, മറ്റൊരു പാശ്ചാത്യരാഷ്ട്രത്തിലെ ഒരു പട്ടണത്തിൽ ഇത്തരം ചില ചോദ്യങ്ങൾ ഉയർന്നിരുന്നു. വളരുന്ന സമൂഹങ്ങൾ തങ്ങളുടെ ബലഹീനതകൾ കണ്ട് കണ്ണടച്ചുകളയാറില്ല. ബലഹീനരുടെ സംസ്കരണത്തിനും, നവ അഹ്മദികളുടെ ശിക്ഷണത്തിനും വേണ്ടി ഇന്ന് ഞാൻ ഈ വിഷയമെടുത്തത് ഇതുകൊണ്ടാണ്. അതിനോടൊപ്പം ഈ ദുർബല ജനങ്ങളുടെ വിശ്വാസത്തിന് ശക്തിയുണ്ടാകുന്നതിനായി ജമാഅത്തിലെ അംഗങ്ങൾക്ക് ദുആ ചെയ്യാനും സാധിക്കും. ഞാൻ പറഞ്ഞുവന്നത്, നിയമമനുസരിച്ച് വോട്ടവകാശമുള്ള എല്ലാ അഹ്മദികളേയും ആലോചിച്ചും ചിന്തിച്ചും അർഹരായവരെ തിരഞ്ഞെടുക്കുക എന്ന ഉത്തരവാദിത്വം അല്ലാഹു ഏല്പിച്ചിരിക്കുകയാണെന്നാണ്. ജമാഅത്തിൽ ഒരു സ്ഥാനവും ആരുടെയും ജന്മാവകാശമല്ലെന്ന കാര്യം - ദീർഘകാലം ഒരു സ്ഥാനത്തിരിക്കുമ്പോൾ ചിലകാര്യങ്ങൾ ചിലപ്പോൾ മനസ്സിൽ തോന്നാം - തിരഞ്ഞെടുക്കുന്നവരും തിരഞ്ഞെടുക്കപ്പെടുന്നവരും ഓർത്തിരിക്കേണ്ടതാണ്. സുസ്ഥിരമായ അവകാശമല്ല ഇത്. അതുകൊണ്ട് സേവനത്തിനുള്ള അവസരം കിട്ടുക എന്നത് അല്ലാഹുവിന്റെ അനുഗ്രഹമാണ്. അല്ലാഹുവിന്റെ അനുഗ്രഹം ഉണ്ടെങ്കിൽ അവൻ തന്നെ സേവനം ചെയ്യാൻ അവസരം നല്കും. സ്വയം അതിനാഗ്രഹിക്കരുത്. അതിനാൽ ഒരിക്കലും തന്നെ ഭാരവാഹിയാക്കുക എന്ന സൂചനപോലും ആരും പ്രകടമാക്കാൻ പാടില്ല. സ്വന്തം ബന്ധുവിനോ സുഹൃത്തിനോവേണ്ടി സൂചനയാലോ അല്ലാതെയോ ഒരു വിധത്തിലും വോട്ടുപിടിക്കാൻ ആർക്കും അവകാശമില്ല. അങ്ങനെ നടന്നതായി ജമാഅത്തറിഞ്ഞാൽ, ആർക്കുവേണ്ടിയാണോ പ്രചാരണം ചെയ്യപ്പെട്ടത് അയാളെയും തിരഞ്ഞെടുപ്പിനു മുമ്പേ പ്രചാരണം നടത്തിയയാളെയും തിരഞ്ഞെടുപ്പുകളിൽനിന്നുതന്നെ ഒഴിവാക്കിയേക്കാം. ഈ അവകാശം അവർക്ക് തടയപ്പെട്ടേക്കാം. അതുകൊണ്ട് ജമാഅത്തിന്റെ ഈ തിരഞ്ഞെടുപ്പാണ്

തികച്ചും അല്ലാഹുവിനുവേണ്ടിയുള്ള സേവകസം ഘത്തെ തിരഞ്ഞെടുക്കുന്നു എന്ന വിചാരത്തോടെ നടത്തേണ്ടതാണ്.

പിന്നീട് തിരഞ്ഞെടുക്കപ്പെട്ട ഭാരവാഹികൾക്ക് ചുമതലകളും അല്ലാഹു നല്കിയിരിക്കുന്നു. അതായത് തിരഞ്ഞെടുക്കപ്പെട്ടു കഴിഞ്ഞാൽ അതിനെ സാമൂഹികമായ അമാനത്ത് അഥവാ സൂക്ഷിപ്പുമുതലായി നിങ്ങൾ മനസ്സിലാക്കേണ്ടതാണ്. ആ അമാനത്തിന്റെ ബാധ്യത നിറവേറ്റുക. കഴിവിന്റെ പരമാവധി ഈ ഉത്തരവാദിത്വം നിർവഹിക്കുക. ഈ ചുമതല നിറവേറ്റാൻ നിങ്ങൾ സമയവും നല്കുക. ജമാഅത്തിന്റെ അഭിവൃദ്ധിക്കായി പുതിയ പുതിയ വഴികൾ കണ്ടെത്തുക. നിങ്ങളുടെ തീരുമാനം നീതിയിലും ന്യായത്തിലും അധിഷ്ഠിതമായിരിക്കേണ്ടതാണ്. നിങ്ങളുടെ വ്യക്തിപരമായ പകയും ബന്ധുക്കളോടും സുഹൃത്തുക്കളോടുള്ള സ്നേഹവും നിങ്ങളെയൊരിക്കലും നീതിയിൽനിന്ന് അകറ്റിക്കൊണ്ടുപോകുന്നതാകരുത്. ഒരു ഭാരവാഹിയുടെയും മനസ്സിൽ 'തനിക്ക് വോട്ടുതരാത്തവനാണ്, തനിക്കെതിരിൽ വേറൊരുത്തന്റെ പേരുപറഞ്ഞവനാണ് അതുകൊണ്ട് തക്കം കിട്ടിയാൽ അവനെ ഉപദ്രവിക്കണം' എന്ന വിചാരം ഉണ്ടാകരുത്. ഇതു സത്യവിശ്വാസികൾക്ക് ചേർന്നതല്ല. എന്നല്ല അങ്ങേയറ്റം തരംതാണപണിയാണ്. വോട്ടുനല്കി തിരഞ്ഞെടുക്കുന്നവർക്കും തിരഞ്ഞെടുക്കപ്പെട്ട ഭാരവാഹികൾക്കും അല്ലാഹു വലിയ ഉപദേശമാണ് നല്കിയിട്ടുള്ളത്. വോട്ടു ചെയ്യുന്നവർ നല്ലവണ്ണം ചിന്തിച്ചും ആലോചിച്ചും വോട്ടു നല്കാനും തിരഞ്ഞെടുക്കപ്പെടുന്നവർ അവരുടെ എല്ലാ കഴിവും ശക്തിയും ഉപയോഗിച്ച് നീതിയെന്താണോ ആവശ്യപ്പെടുന്നത് അത് പൂർത്തിയാക്കിക്കൊണ്ട് തങ്ങളുടെ ചുമതലകൾ നിർവഹിക്കാനും അല്ലാഹു പറഞ്ഞിരിക്കുന്നു. അല്ലാഹുതആല എല്ലാ ഭാരവാഹികൾക്കും - അവർ ജമാഅത്തിന്റെ ഭാരവാഹികളാവട്ടെ, അല്ലെങ്കിൽ പോഷക സംഘടനകളുടെ ഭാരവാഹികളാവട്ടെ - തങ്ങളുടെ ചുമതലകൾ മനസ്സിലാക്കാനും, നീതി എന്താണോ ആവശ്യപ്പെടുന്നത് അതു പൂർത്തിയാക്കാനും തൗഫീഖ് നല്കുമാറാകട്ടെ. അല്ലാഹു തആല ജമാഅത്തംഗങ്ങളോടും ഭാരവാഹികളോടും അവസാനം പറഞ്ഞിരിക്കുന്നത്, ഇതിനുശേഷം ദുആ ചെയ്തുകൊണ്ടേയിരിക്കുക എന്നാണ്. ഓരോ ഭാരവാഹിയും നീതിയെന്താണോ ആവശ്യപ്പെടുന്നത് അത് പാലിച്ചുകൊണ്ട് ആ ചുമതലകൾ നിർവഹിക്കാൻ കഴിയുന്നതിനുവേണ്ടി അല്ലാഹുവിനോടു തൗഫീഖിനായി പ്രാർത്ഥിക്കേണ്ടതാണ്. ഓരോ ജമാഅത്തംഗവും, തിരഞ്ഞെടുക്കപ്പെട്ട വ്യക്തിയ്ക്ക് തന്നിലർപ്പിതമായ അമാനത്ത് എന്ന ബാധ്യത നല്ലനിലയിൽ നിർവഹിക്കാൻ കഴിയുന്നതിനുവേണ്ടി ദുആ ചെയ്തുകൊണ്ടിരിക്കേണ്ടതാണ്. ഭാരവാഹിക്കും ജമാഅത്തംഗങ്ങൾക്കും നഷ്ടത്തിനുകാരണമാകുന്ന വിധത്തിലുള്ള പ്രയാസങ്ങളും പരീക്ഷണങ്ങളും ഒരിക്കലും ഉണ്ടാകാതിരിക്കാനും പ്രാർത്ഥിക്കേണ്ടതാണ്. അവർ തിരഞ്ഞെടുത്ത ഭാരവാഹി ഉത്തരവാദിത്വബോധത്തോടെ പ്രവർത്തിക്കുന്നില്ലെന്ന് അല്ലാഹു കണ്ടാൽ, അയാളെ മാറ്റാനുള്ള സാഹചര്യവും അല്ലാഹു തന്നെ ഒരുക്കുന്നതാണ്; ജമാഅത്ത് വ്യവസ്ഥിതിയ്ക്ക് ഒരു ക്ഷതവും ഏല്ക്കാതിരിക്കുന്നതിനുവേണ്ടി. നിങ്ങൾ രണ്ടുപേരും ചേർന്ന് ഇങ്ങനെ പ്രാർത്ഥിക്കുകയാണെങ്കിൽ, സദുദ്ദേശ്യത്തോടെ നിങ്ങൾ ചെയ്ത ദുആ സ്വീകരിക്കുമെന്ന് അല്ലാഹു പറയുന്നു. കാരണം, ദീനിനുവേണ്ടി സേവനം ചെയ്യുന്നവരുടെ മേൽ അല്ലാഹുവിന്റെ ദൃഷ്ടി എപ്പോഴും ഉണ്ടായിരിക്കും. അവൻ എല്ലാം കണ്ടുകൊണ്ടിരിക്കുന്നവരും മനസ്സിന്റെ അവസ്ഥ അറിയുന്നവനുമാണ്. നിങ്ങളുടെ ഉള്ളിലെ വേദന കാരണത്താൽ എപ്പോഴും നിങ്ങളുടെ ഉന്നമനത്തിനുള്ള സാഹചര്യവും അവൻ ഒരുക്കിക്കൊണ്ടിരിക്കുന്നതാണ്. ഈയം ഉരുക്കിയൊഴിച്ച ഭിത്തിപ്പോലെ നിങ്ങളെ ഉറപ്പിച്ചു നിറുത്തുന്നതുമാണ്. എല്ലാവരെയും എല്ലാതരം നഷ്ടങ്ങളിൽനിന്നും അല്ലാഹു രക്ഷിക്കുമാറാകട്ടെ.

ഭാരവാഹികൾ എങ്ങനെ ജമാഅത്തംഗങ്ങളോടു പെരുമാറണം എന്നതിനെക്കുറിച്ചും ജമാഅത്തംഗങ്ങൾ ഭാരവാഹികളോട് ഏതു രീതി സ്വീകരിക്കണം എന്നതിനെക്കുറിച്ചും കുറച്ചു കാര്യങ്ങൾ വിശദീകരിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഭാരവാഹികൾക്ക് അടിസ്ഥാനപരമായ ഒരു നിർദ്ദേശം വിശുദ്ധഖുർആൻ നല്കിയിരിക്കുന്നു; അതായത് നീതി ആവശ്യപ്പെടുന്നതെല്ലാം അവർ പൂർത്തിയാക്കേണ്ടതാണ്. നീതി എന്തെന്തെല്ലാമാണ് ആവശ്യപ്പെടുന്നതെന്ന് ആരെങ്കിലും ചിന്തിക്കുകയും ആലോചിക്കുകയുമാണെങ്കിൽ ഒരു കാര്യവും പിന്നീട് വിട്ടുപോകുകയില്ല. എന്നാൽ എല്ലാവരും സൂക്ഷ്മ ദൃഷ്ടിയോടെ ഇക്കാര്യം ചിന്തിക്കാറില്ല. തഖ്വയുടെ നേർത്തവഴിയിലൂടെ സഞ്ചരിക്കുന്നവൻ ചിന്തിക്കുന്നതുപോലെ ചിന്തിക്കുകയാണെങ്കിൽ, അങ്ങനെ ചിന്തിച്ച് ചിന്തിച്ച് നീതി ആവശ്യപ്പെടുന്നത് നിറവേറ്റണമെന്ന ചിന്തയിൽ അവന്റെ ആത്മാവ് ലയിച്ചുപോകുന്നതാണ്. ഉപദേശം ഫലം ചെയ്യുന്നതാണ്. ഞാൻ പറഞ്ഞതുപോലെ കാര്യങ്ങൾ ആവർത്തിച്ചു പറയുമ്പോൾ അത് ഓർമ്മയുണ്ടാകുന്നു. ചിലകാര്യങ്ങളുടെ വിശദീകരണവും ലഭിക്കുന്നു. അതുകൊണ്ട് കാര്യങ്ങൾ വിശദീകരിച്ചു പറയേണ്ടത് അനിവാര്യമാണ്.

ഒന്നാമതായി ഭാരവാഹികൾ ഓർമവയ്ക്കേണ്ടത് അല്ലാഹു പറഞ്ഞ *വൽകാളിമീനൽ ഗയ്ള വൽ ആഫീന അനിന്നാസ്* (3:135) എന്ന കാര്യമാണ് അതായത് കോപം നിയന്ത്രിക്കുന്നവരും ജനങ്ങൾക്കു മാപ്പു ചെയ്ത് കൊടുക്കുന്നവരുമത്രെ അവർ. ഇതിലെ പ്രധാനസംബോധിതരായി ഭാരവാഹികൾ തങ്ങളെ മനസ്സിലാക്കേണ്ടതാണ്. കാരണം ജമാഅത്തിലെ

അവരുടെ സ്ഥാനം - അവരുടെ മാതൃക ജമാഅത്തിന്റെ മുമ്പിൽ ഉണ്ടാകേണ്ടതാണ് - പരിപൂർണ്ണമായും അവർ തങ്ങളെ വിനയാന്വിതരാക്കിത്തീർക്കാൻ ആവശ്യപ്പെടുന്നു. കാര്യങ്ങൾ പറഞ്ഞു നന്നാക്കിത്തീർക്കുന്നതിനുവേണ്ടി, ഇസ്‌ലാഹിനുവേണ്ടി, ദ്വേഷപ്പെടേണ്ടിവന്നാൽതന്നെ, മാറ്റിനിറുത്തി തനിച്ച് മനസ്സിലാക്കിക്കൊടുക്കേണ്ടതാണ്. ജനങ്ങളുടെ മുമ്പിൽവെച്ച് ആരുടെയും അഭിമാനത്തെ മുറിപ്പെടുത്തരുത്. എപ്പോഴും ശുണ്ഠിപിടിപ്പിക്കുന്ന പ്രകടനം ഉണ്ടാകാൻ പാടില്ല. അല്ലെങ്കിൽ അഹങ്കാരം പ്രകടിപ്പിക്കാൻ പാടില്ല. ശുണ്ഠിപിടിപ്പിക്കുന്നതുകൊണ്ട് ഒരിക്കലും സംസ്കരണം ഉണ്ടാകുകയില്ല. മറിച്ച് വേദനയോടെ ദുആ ചെയ്തുകൊണ്ട് സ്ഥിരസ്വഭാവത്തോടെ ഉപദേശിച്ചുകൊണ്ടിരിക്കുമ്പോഴാണ് സംസ്കരണം ഉണ്ടാകുന്നത്. ഈ കല്പനയാണ് അല്ലാഹു നല്കിയിട്ടുള്ളത്. സ്ഥിരമല്ലാതെ വല്ലപ്പോഴുമുണ്ടാകുന്ന തെറ്റാണെങ്കിൽ വിട്ടുവീഴ്ചയിലൂടെ പ്രവർത്തിക്കുന്നതാണ് ഉത്തമം. മാപ്പ് കൊടുക്കുക. ക്ഷമിക്കുക. അതുകൊണ്ട് ഇവിടെ ഫ്രാൻസിലും, ലോകത്ത് എവിടെയൊക്കെ ജമാഅത്ത് നിലവിലുണ്ടോ അവിടെയും ജമാഅത്തിന്റെ ഭാരവാഹികളും പോഷകസംഘടനകളുടെ ഭാരവാഹികളും തങ്ങളുടെ നടപടികളിൽ മാറ്റമുണ്ടാക്കേണ്ടതാണ്. ജനങ്ങളോട് സ്നേഹത്തോടും സന്തോഷത്തോടും കൂടി പെരുമാറേണ്ടതാണ്. പ്രത്യേകിച്ച് ചിലയിടത്ത് ലജ്നയുടെ ഭാഗത്തുനിന്നാണ് പരാതികൾ അധികമുണ്ടാകുന്നത്. പെൺകുട്ടികൾക്കും, യുവതികളായ പെൺകുട്ടികൾക്കും, ജമാഅത്ത് വ്യവസ്ഥിതി മനസ്സിലാക്കാതെവരുന്ന പുതിയതായി ജമാഅത്തിൽ ചേർന്ന സ്ത്രീകൾക്കും ശിക്ഷണം വളരെ ആവശ്യമുണ്ട്. അതുകൊണ്ട് അവരെ ഒരുപാട് ശ്രദ്ധിക്കേണ്ടതാണ്. കുട്ടികൾക്കും പുതിയതായി വരുന്നവർക്കും ശിക്ഷണം നല്കുന്നതിന് ഏതു രീതിയിലാണോ നിങ്ങൾ അച്ചുണ്ടാക്കുന്നത്, വരുന്ന മാതൃകയും അതുപോലെ തന്നെയായിരിക്കും പുറത്തു വരിക. വരുന്ന ഭാരവാഹികളും അതേപോലെ തന്നെയായിരിക്കും. പറഞ്ഞതിന്റെ ചുരുക്കം, ദ്വേഷ്യം കടിച്ചമർത്തേണ്ടതാണ്. വിട്ടുവീഴ്ചയോടെ പ്രവർത്തിക്കേണ്ടതാണ്. ക്ഷമിക്കേണ്ടതാണ്. എന്നാൽ മൃദുലമായ നയം ജമാഅത്തിൽ ഭിന്നിപ്പുണ്ടാകുന്ന അവസ്ഥയിലായിത്തീരരുത്. അത്തരം സന്ദർഭങ്ങളിൽ തെറ്റുതിരുത്തി നന്നാക്കിയെടുക്കാൻ ശ്രമിക്കേണ്ടതാണ്. ഞാൻ പറയുകയുണ്ടായി, തെറ്റിന്റെ ശീലരല്ലാത്തവരെ മാപ്പുകൊടുത്തും നന്നാക്കിയെടുക്കാവുന്നതാണ്. എന്നാൽ, ജമാഅത്തിൽ ഫിത്നയുണ്ടാകുമെന്ന് കണ്ടാൽ അപ്പോൾ മാപ്പിന്റെ ആവശ്യമില്ല. അത്തരം കാര്യമുണ്ടായാൽ തദ്ദേശാടിസ്ഥാനത്തിൽ അതു നന്നാക്കിയെടുക്കാൻ ശ്രമിച്ചാൽ മാത്രം പോര, കേന്ദ്രത്തേയും അതിനെക്കുറിച്ച് അറിയിക്കേണ്ടതാണ്. എന്നാൽ, ചെറുപ്പക്കാരും പുതിയതായി വരുന്നവരും ദീനിനെ തന്നെ വെറുക്കുന്ന അവസ്ഥയിലേക്ക് കാര്യങ്ങൾ നീങ്ങുന്നവിധം കാഠിന്യം കാണിക്കാൻ പാടില്ല.

ഭാരവാഹികൾക്കെതിരിൽ എന്തെങ്കിലും പരാതിയുണ്ടായാൽ അത് കേൾക്കാനുള്ള സഹിഷ്ണുത അവർക്കുണ്ടായിരിക്കേണ്ടതാണ്. എപ്പോഴും സത്യമായ കാര്യം ചെയ്യാനും പറയാനും കേൾക്കാനുള്ള ശീലമുണ്ടാക്കിത്തീർക്കുക. എത്രമാത്രം അടുത്ത ബന്ധുവും സുഹൃത്തുമാണെങ്കിലും, അയാളെ സംബന്ധിച്ച് പരാതി ലഭിച്ചാൽ അയാൾക്കെതിരിൽ നടപടി ഉണ്ടാകേണ്ടതാണ്. നീതിയുടെ ആവശ്യമെന്താണോ അത് പൂർത്തിയാക്കാൻ സാധിക്കുന്നില്ലെങ്കിൽ, ഇന്നകാരണങ്ങളാൽ ഞാൻ ഇതിൽ നിന്നും പിന്മാറുന്നുവെന്ന് പറഞ്ഞ് പിന്മാറുന്നതാണ് ഉത്തമം. കാരണം ഒരാൾ ഏതെങ്കിലും സേവനത്തിൽ നിന്ന് പിന്മാറുന്നത്, മുഴുജമാഅത്തിനോ ജമാഅത്തിന്റെ ഏതെങ്കിലും ഭാഗത്തിനോ വേദനയുണ്ടാക്കുന്നതിനെക്കാൾ നല്ലതാണ്. ജമാഅത്തിന്റെ സ്ഥാനമാണെങ്കിലും പോഷകസംഘടനയുടെ സ്ഥാനമാണെങ്കിലും കിട്ടിയിട്ടുള്ള സ്ഥാനത്തെ ദൈവികാനുഗ്രഹമായി മനസ്സിലാക്കേണ്ടതാണ്. അതിനെ നിങ്ങളുടെ അവകാശമായി മനസ്സിലാക്കരുതെന്ന് ഞാൻ നടേ പറഞ്ഞുവന്നതാണ്. സേവനത്തിനുള്ള അവസരം കിട്ടിയാലുള്ള കല്പന, ലീഡർ ആക്കപ്പെട്ടയാൾ ജനതയുടെ സേവകരായിക്കൊണ്ട് സേവനം ചെയ്യുക എന്നാണ്. വായകൊണ്ടുപറഞ്ഞാൽ മാത്രം പോര. നാലാളുടെ മുന്നിൽ എഴുന്നേറ്റുനിന്നാൽ, ഞാൻ സേവകനാണെന്ന് പറയലല്ല. മറിച്ച് പ്രവർത്തനപരമായി, പ്രവൃത്തികൊണ്ടും കർമംകൊണ്ടും യഥാർത്ഥത്തിൽ സേവനം ചെയ്യുന്നയാളാണെന്ന് പ്രകടമാകണം. ഇങ്ങനെയല്ലാതെ സംസാരിക്കുകമാത്രമാണെങ്കിൽ തീർച്ചയായും ചോദിക്കപ്പെടും. ഏല്പിച്ച ഉത്തരവാദിത്വം പൂർണ്ണമായും നിറവേറ്റാത്ത കാരണത്താൽ തീർച്ചയായും സമാധാനം പറയേണ്ടിവരും.

ഒരു നിവേദനത്തിൽ വന്നിരിക്കുന്നു. ഹസ്റത്ത് മഅ്ക്കൽ ബിൻയസാർ നിവേദനം ചെയ്യുന്നു. അദ്ദേഹം പറഞ്ഞു, നബി(സ) ഇങ്ങനെ പറയുന്നതായി ഞാൻ കേട്ടു. 'ആരെയാണോ അല്ലാഹു ജനങ്ങളുടെ മേൽനോട്ടക്കാരനും ഉത്തരവാദിയും ആക്കിയിട്ടുള്ളത്, അയാൾ ജനങ്ങളുടെ മേൽനോട്ടത്തിലും തന്റെ നിർബന്ധമായ കർത്തവ്യം നിർവഹിക്കുന്നതിലും അവരുടെ ക്ഷേമ പ്രവർത്തനങ്ങളിലും വീഴ്ച വരുത്തുകയാണെങ്കിൽ അയാൾ മരിക്കുമ്പോൾ അല്ലാഹു അയാൾക്ക് സ്വർഗ്ഗം നിഷിദ്ധമാക്കുന്നതാണ്. അയാൾക്ക് സ്വർഗ്ഗം നല്കുകയില്ല.'

നോക്കുക, ഈ താക്കീതിനുശേഷം ആരാണ് മുന്നോട്ടു എടുത്തുചാടി സ്ഥാനം കൈക്കലക്കാൻ ആഗ്രഹിക്കുക? ഇതു ഭയപ്പെടേണ്ട സ്ഥാനമാണ്. യഥാർത്ഥമായ വിവേകവും തിരിച്ചറിവും ഉണ്ടെങ്കിൽ

ഏതെങ്കിലും ഒരു മൂലക്കായിരിക്കും മനുഷ്യൻ പോയിരിക്കുക. അതുകൊണ്ട് ഭാരവാഹികൾ ഈ ദൈവാനുഗ്രഹത്തെ ആദരിക്കുക. തങ്ങളുടെ ചുമതലകൾ നിറവേറ്റുക. തങ്ങളുടെ ഉത്തരവാദിത്വങ്ങൾ പാലിക്കുക. അല്ലാഹുവിന്റെ കോപം പിടിച്ചുപറ്റുന്നതിനുപകരം അവന്റെ സ്നേഹം പിടിച്ചുപറ്റുന്നവരായിത്തീരുക.

മറ്റൊരു നിവേദനത്തിൽ വന്നിരിക്കുന്നു. ഹസ്റത്ത് അബൂസഈദ് (റ) നിവേദനം ചെയ്യുന്നു. നബി(സ) പറഞ്ഞു: 'ഖിയാമത്തുനാളിൽ അല്ലാഹുവിന് ജനങ്ങളിൽ വെച്ച് ഏറ്റവും പ്രിയപ്പെട്ടവനും അവനോടു ഏറ്റവും സമീപസ്ഥനും നീതിയെ ഇഷ്ടപ്പെടുന്ന ഭരണാധികാരിയായിരിക്കും. ഏറ്റവും വെറുക്കപ്പെട്ടവനും ഏറ്റവും അകലത്തുനില്ക്കുന്നവനും മർദകനായ ഭരണാധികാരിയായിരിക്കും.'

അതുകൊണ്ട് നീതിയുടെ ആവശ്യമെന്താണോ അത് പൂർത്തീകരിച്ച് എല്ലാവരും അല്ലാഹുവിന് പ്രിയപ്പെട്ടവരായിത്തീരേണ്ടതാണ്. അല്ലാഹുവിന്റെ പ്രിയപ്പെട്ടവനാകാൻ, അല്ലാഹു അടിസ്ഥാനപരമായി പറഞ്ഞ കാര്യങ്ങൾ സ്വായത്തമാക്കുക.

ഒരു നിവേദനത്തിൽ വന്നിരിക്കുന്നു. അബൂഹസൻ(റ) നിവേദനം ചെയ്യുന്നു. ഹസ്റത്ത് അംറ് ബിൻ മുർറ ഹസ്റത്ത് മുആവിയയോടു പറഞ്ഞു. ഞാൻ നബി(സ) ഇങ്ങനെ പറയുന്നതായി കേട്ടു. 'ഏതൊരു നേതാവാണോ തന്റെ വാതിൽ ആവശ്യക്കാർക്കും ദരിദ്രർക്കും പാവപ്പെട്ടവർക്കും വേണ്ടി അടച്ചിടുന്നത്, അല്ലാഹു തആലയും അയാളുടെ ആവശ്യത്തിനുള്ള ദൈവിക കവാടം അടച്ചിടുന്നതാണ്.' നബി(സ) യുടെ ഈ നിർദ്ദേശം കേട്ടതിനു ശേഷം ഹസ്റത്ത് മുആവിയ (റ) ജനങ്ങളുടെ പ്രയാസങ്ങൾ ദൂരീകരിക്കാനും അവരുടെ ആവശ്യങ്ങൾ നിറവേറ്റാനും വേണ്ടി ഒരാളെ നിയമിക്കുകയുണ്ടായി.

അതുകൊണ്ട് ഹൃദയങ്ങളിൽ സ്നേഹമുണ്ടാക്കിത്തീർക്കുക. സഹോദരന്മാരോടും സഹോദരിമാരോടും അല്ലാഹുവിന്റെ തൃപ്തികരസ്ഥമാക്കുന്നതിനും അവന്റെ പ്രിയപ്പെട്ടവനായിത്തീരുന്നതിനും വേണ്ടി സ്നേഹത്തോടെ പെരുമാറുകയും സന്തോഷത്തോടെ വർത്തിക്കുകയും ചെയ്യുക. അമീർമാരും സദ്ർമാരും ഭാരവാഹികളും പോഷക സംഘടനകളുടെ ഭാരവാഹികളും, അവർ ഖലീഫ നിശ്ചയിച്ചിട്ടുള്ള സംവിധാന വ്യവസ്ഥിതിയുടെ ഒരു ഭാഗമാണെന്ന കാര്യം ഓർക്കുക. ഇതിന്റെ അടിസ്ഥാനത്തിൽ അവർ കാലത്തിന്റെ ഖലീഫയുടെ പ്രതിനിധികളാണ്. അതുകൊണ്ട് ഏതുപ്രവൃത്തിക്കായുള്ള അവരുടെ ചിന്താഗതിയും കാലത്തിന്റെ ഖലീഫയുടെ ചിന്താഗതിയ്ക്ക് അനുസരിച്ചുള്ളതായിരിക്കണം. കേന്ദ്രാടിസ്ഥാനത്തിൽ നല്കപ്പെടുന്ന നിർദ്ദേശങ്ങളനുസരിച്ചാണ് അവർ പ്രവർത്തിക്കേണ്ടത്. ഇങ്ങനെ ചെയ്യുന്നില്ലെങ്കിൽ, അവർ തങ്ങളുടെ സ്ഥാനം വേണ്ട പോലെ നിറവേറ്റുന്നവരല്ല. നീതി എന്താണോ ആവശ്യപ്പെടുന്നത് അതു പാലിക്കുന്നില്ല. പിന്നീട് വരുന്നത് സ്ഥാനം വേണമെന്ന ആഗ്രഹമാണ്. ജമാഅത്തിൽ വളരെ മോശമായി മനസ്സിലാക്കുന്ന പ്രവണതയാണിത്. ഇതിനു വേണ്ടി ശ്രമിക്കുന്നവർക്കെതിരെ നടപടിയും ഉണ്ടാകാറുണ്ട്. ഇത് സംബന്ധമായി ഒരു ഹദീസിൽ വന്നിരിക്കുന്നു.

ഹസറത്ത് അബ്ദുർ റഹ്മാൻ (റ) നിവേദനം ചെയ്യുന്നു. അദ്ദേഹം പറഞ്ഞു. നബി (സ) എന്നോട് പറഞ്ഞു: 'അബ്ദുർറഹ്മാൻ! നീ ഒരിക്കലും ഭരണാധികാരം ചോദിച്ചു വാങ്ങരുത്. എന്നാൽ ചോദിക്കാതെ നിനക്കതു കിട്ടിക്കഴിഞ്ഞാൽ നീ അതിൽ സഹായിക്കപ്പെടും. മറിച്ച് ചോദിച്ചിട്ടാണ് നിനക്കതു ലഭ്യമായതെങ്കിൽ നീ അല്ലാഹുവിന്റെ പിടിയിലായിരിക്കും. (ചെറിയ തെറ്റുണ്ടായാൽ ശക്തമായ ശിക്ഷ ഉണ്ടാകും) നീ ഒരുകാര്യത്തിൽ സത്യം ചെയ്യുകയും എന്നിട്ട് അതിനെക്കാളുത്തമമായത് മറ്റൊന്നാണെന്ന് നിനക്ക് ബോധ്യമാവുകയും ചെയ്താൽ നീ നല്ലതുകൊണ്ട് വരികയും നിന്റെ സത്യം പ്രായശ്ചിത്തം കൊണ്ട് പരിഹരിക്കുകയും ചെയ്യുക.'

ഭാരവാഹികളും ചിലപ്പോൾ - അവർ സത്യം ചെയ്യുകയില്ല. എന്നാൽ ചിലർ പിടിവാശിയുള്ളവരായിരിക്കും, ഇങ്ങനെയല്ല അങ്ങനെയാണ് വേണ്ടതെന്ന് വാശിപിടിക്കും, അത് ജമാഅത്തിന് ദോഷമാണെങ്കിൽ നിങ്ങളുടെ പിടിവാശി അവസാനിപ്പിക്കേണ്ടതാണ്. നിങ്ങളുടെ പിടിവാശി ജമാഅത്തിന്റെ മുന്നോട്ടുള്ള ഗമനത്തിന് തടസ്സമാകാൻ പാടില്ല. തഖ്‌വയോടുകൂടി ജമാഅത്തിന്റെ ഗുണത്തിനായി പ്രവർത്തി ക്കേണ്ടതാണ്.

മറ്റൊരു നിവേദനത്തിൽ വന്നിരിക്കുന്നു. നബി(സ) പറഞ്ഞു: 'നിങ്ങൾ എളുപ്പമുണ്ടാക്കുക ഞെരുക്കമുണ്ടാക്കരുത്. നല്ല വാർത്തകൾ നൽകുക. ജനങ്ങളെ വഴിതെറ്റിക്കരുത്.'

അടിസ്ഥാനപരമായ കാര്യങ്ങളും വെച്ചിട്ടുള്ളത്, ദൈവിക നിർദ്ദേശമനുസരിച്ച് പ്രവർത്തിച്ച് ജനങ്ങളുടെ കാര്യങ്ങൾ എളുപ്പമുള്ളതാക്കിത്തീർക്കുന്നതിനുവേണ്ടിയാണ്. നിങ്ങളുടെ പിടിവാശിയും നിങ്ങളുടെ സത്യവും നിങ്ങളുടെ അഹങ്കാരവും ഒരിക്കലും ഒരുകാര്യത്തിലും തടസ്സമാകരുത്. എന്തെങ്കിലും തീരുമാനം ഉണ്ടാകുകയും, അതുമുഖേന ജനങ്ങൾ വിഷമിക്കുകയും ചെയ്താൽ അത് മാറ്റാവുന്നതാണ്. സന്തോഷകരമായ വാർത്തകൾക്കും, സ്നേഹത്തിന്റേയും സന്തോഷത്തിന്റേയും സന്ദേശത്തിനും വേണ്ടി ജനങ്ങൾ എപ്പോഴും നിങ്ങളുടെ ചുറ്റും കൂടണമെന്നാണ് നീതി ആവശ്യപ്പെടുന്നതും. അല്ലാതെ ഞെരുക്കം അനുഭവിച്ച് ദൂരത്തേക്ക് ഓടിമാറുന്നതിനല്ല.

മുബല്ലിഗുമാരോടും അല്ലെങ്കിൽ ജീവിതം വഖ്ഫ് ചെയ്ത എല്ലാവരോടും സ്വന്തം മനസ്സുകളി

ലും ജനങ്ങളുടെ മനസ്സുകളിലും ആദരവും ബഹുമാനവും ഉണ്ടാക്കുക എന്നത് ലോകത്തെങ്ങുമുള്ള ജമാഅത്ത് ഭാരവാഹികളുടെ ചുമതലയാണ്. അവരെ ആദരിക്കുക, ആദരിപ്പിക്കുക, അവരുടെ ആവശ്യങ്ങൾ ശ്രദ്ധിക്കുക. കഴിയുന്നിടത്തോളം അവർക്കുവേണ്ടി സൗകര്യം ചെയ്തുകൊടുക്കുക. ഇത് ജമാഅത്തിന്റേയും ഭാരവാഹികളുടേയും പ്രവൃത്തിയാണ്; അവരുടെ പ്രവർത്തനത്തിൽ ഏകാഗ്രത നില നിൽക്കുന്നതിനും അവർ അവരുടെ പ്രവൃത്തി നല്ല രീതിയിൽ നിറവേറ്റുന്നതിനും ഒരു ബുദ്ധിമുട്ടും കൂടാതെ തങ്ങളുടെ കടമകൾ നിർവഹിക്കുന്നതിനും വേണ്ടി. മുറബ്ബിമാരെ ആദരിക്കുന്നില്ലെങ്കിൽ, വരും തലമുറയിൽ ജീവിതം വഖ്ഫ് ചെയ്തവരേയും മുറബ്ബിമാരേയും അന്വേഷിച്ച് കണ്ടെത്തുന്നതുതന്നെ നിങ്ങൾക്ക് ദുഷ്കരമായിത്തീരും. ഹസ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ് (റഹ്) തുടങ്ങിവെച്ച വാഖിഫീനെ പദ്ധതിയനുസരിച്ച് ഒരുപാട് വാഖിഫീനെ നൗ കുട്ടികൾ വഖ്ഫ് രംഗത്തുവന്നുകൊണ്ടിരിക്കുന്നു എന്നത് അല്ലാഹുവിന്റെ ഔദാര്യമാണ്. എന്നാൽ, ഞാൻ എടുത്തകണക്കനുസരിച്ച് എന്റെ അഭിപ്രായത്തിൽ എത്ര മുബല്ലിഗുമാരെയാണോ ആവശ്യമുള്ളത് അത്രയും ഈരംഗത്ത് വരുന്നില്ല. മറ്റുമേഖലകളിലേക്കാണ് പോകുന്നത്. മുറബ്ബിമാർക്ക് സ്ഥാനം നൽകുകയാണെങ്കിൽ, വീടുകളിൽ അവരുടെ പേരുകൾ ബഹുമാനത്തോടും ആദരവേടുംകൂടി സ്മരിക്കുകയാണെങ്കിൽ, അവരുടെ സേവനത്തെ അനുമോദിക്കുക യാണെങ്കിൽ തീർച്ചയായും ഈ സ്മരണയാൽ വീടുകളിലുള്ള കുട്ടികളിലും ഈ താല്പര്യമുണ്ടാകും. ജീവിതം വഖ്ഫ് ചെയ്ത് മുറബ്ബിയാകണമെന്ന് അവർക്കും തോന്നും. അതിന്റെയടിസ്ഥാനത്തിൽ ഭാരവാഹികൾ ശ്രദ്ധിക്കേണ്ടതാണ്. ചെറിയ ചെറിയ ഭിന്നിപ്പുകളെ കാര്യമാക്കാതിരിക്കേണ്ടതാണ്. ഇതു മുഖേന ഇരു ഭാഗത്തും വിഷമങ്ങൾ ഉണ്ടാകും.

എന്നാൽ ജീവിതം അർപ്പണം ചെയ്ത് സേവനം ചെയ്യുന്നവരോടും മുറബ്ബിമാരോടും ഞാൻ പറയുന്നു, ലോകർ നിങ്ങളുടെ സ്ഥാനത്തെ മനസ്സിലാക്കുകയോ മനസ്സിലാക്കാതിരിക്കുകയോ ചെയ്യട്ടെ. പക്ഷെ, അല്ലാഹുവിന്റെ വഴിയിൽ ത്യാഗം വരിക്കാമെന്ന് നിങ്ങൾ ഉടമ്പടി ചെയ്തവരാണ്. ആ ഉടമ്പടി സദുദ്ദേശ്യത്തോടെ അല്ലാഹുവിനുവേണ്ടി നിങ്ങൾ പാലിക്കുന്നവരാണെങ്കിൽ ലോകരെ നിങ്ങൾ അല്പം പോലും ഭയക്കേണ്ടതില്ല.

ജമാഅത്ത് വ്യവസ്ഥിതിയോട് പറ്റിച്ചേർന്നിരിക്കുക. ........... നിങ്ങൾ ജമാഅത്ത് പരമായ തൗലീം തർബിയ്യത്തിനും ലോകർക്ക് ഇസ്ലാമിന്റെ സന്ദേശം എത്തിക്കുന്നതിനും വേണ്ടിയുള്ള കാലത്തിന്റെ ഖലീഫയുടെ പ്രതിനിധികളാണ്. ഇത് നിങ്ങളുടെ വലിയ ഉത്തരവാദിത്വമാണ്. തീരുമാനമെടുക്കേണ്ട ഒരുപാടുകാര്യങ്ങളിൽ കാലത്തിന്റെ ഖലീഫ നിങ്ങളെ അവലംബമാക്കാറുണ്ട്. അതുകൊണ്ട് ഈ ചുമതല മനസ്സിലാക്കി ഭൗതികമായ എല്ലാ ഉയർച്ച താഴ്ചയേയും മനസ്സിൽനിന്ന് നീക്കുക. നിങ്ങളിലർപ്പിതമായ പ്രവൃത്തി ഏകാഗ്രചിത്തയോടെ നിർവഹിക്കുക. അല്ലാഹുവിനുവേണ്ടി ഈ വെറുപ്പ് സഹിക്കുകയാണെങ്കിൽ അല്ലാഹു തആല, അവൻ തന്നെ നിങ്ങളുടെ എളുപ്പത്തിനുള്ള മാർഗ്ഗങ്ങൾ ഒരുക്കിത്തരുന്നതാണ്. മാനസികമായ പീഡ അകറ്റുന്നതിനുള്ള സാഹചര്യവും ഒരുക്കിത്തരുന്നതാണ്. വീടുകളിലും, മുറബ്ബിമാരുടെ വീടുകളിലും കുട്ടികളുടെ മുമ്പിൽവച്ച് ഭാരവാഹികളെക്കുറിച്ച് ഒന്നും സംസാരിക്കരുത്. നിങ്ങളുടെ ഭാര്യമാർക്കും മനസ്സിലാക്കികൊടുക്കുക. ജീവിതം വഖ്ഫ് ചെയ്തവരുടെ ഭാര്യമാരും ജീവിതം വഖ്ഫ് ചെയ്തവരെപ്പോലെ തന്നെയാണ്; അല്ലെങ്കിൽ അങ്ങനെ ആവേണ്ടതാണ്. അതുകൊണ്ട് ഓരോകാര്യവും ക്ഷമയോടും സഹനത്തോടുംകൂടിസഹിക്കേണ്ടതാണ്. അല്ലാഹുവിന്റെ മുമ്പിൽ താണുകേണ് അപേക്ഷിക്കേണ്ടതാണ്. അവന്റെ മുമ്പിൽ കുനിയേണ്ടതാണ്. ഇൻശാ അല്ലാഹ് അവൻ തീർച്ചയായും അനുഗ്രഹിക്കുന്നതാണ്.

ഭാരവാഹികളോടു വീണ്ടും ഞാൻ പറയുകയാണ്, ജനങ്ങൾക്കുവേണ്ടി സ്നേഹത്തിന്റെയും സന്തോഷത്തിന്റേയും ചിറകുവിടർത്തുക. കാലത്തിന്റെ ഖലീഫ നിങ്ങളെ വിശ്വസിച്ചിരിക്കുകയാണ്. നിങ്ങളിൽ വിശ്വാസമർപ്പിച്ചുകൊണ്ട് ഈ പ്രിയപ്പെട്ട ജമാഅത്തിനെ നിങ്ങൾക്ക് ഏല്പിച്ചു തന്നിരിക്കുകയാണ്. അവരെ എല്ലാതരത്തിലും നോക്കുക. ഓരോ അഹ്മദിയും, അവർ സുരക്ഷിതമായ ചിറകിലാണെന്ന് തോന്നണം. ചെറിയവരാണെങ്കിലും വലിയവരാണെങ്കിലും ഓരോരുത്തരോടും പുഞ്ചിരിച്ചുകൊണ്ട് പെരുമാറുക. രൂക്ഷഭാവത്തിൽ ഓഫീസിലിരിക്കുന്ന ചില ഭാരവാഹികളെ ഞാൻ കണ്ടിട്ടുണ്ട്. നബി(സ) തിരുമേനിയുടെ മാതൃകയനുസരിച്ച് അവർ പ്രവർത്തിക്കേണ്ടതാണ്. നിവേദനത്തിൽ അതിനെക്കുറിച്ച് ഇങ്ങനെ വന്നിരിക്കുന്നു. ഹസ്റത്ത് ജരീർ(റ) പറയുന്നു: ഞാൻ ഇസ്ലാം മതം സ്വീകരിച്ചതുമുതൽ, കൂടിക്കാഴ്ച നടത്തുന്നതിൽനിന്ന് നബി(സ) എന്നെ വിലക്കിയിട്ടില്ല. നബി(സ) എപ്പോൾ എന്നെകണ്ടാലും പുഞ്ചിരിക്കുമായിരുന്നു. ആ സമയത്ത് ഒരു നിയന്ത്രണവുമുണ്ടായിരുന്നില്ല. ആളുകൾ എന്തെങ്കിലും പ്രവൃത്തിക്കായി ഭാരവാഹികളുടെ അടുക്കൽ ചെല്ലുമ്പോൾ ചിലഭാരവാഹികളും അമീർമാരും മാസങ്ങളോളം കൂടിക്കാഴ്ച നടത്തുകയില്ലെന്ന പരാതി ചില ഭാരവാഹികളെക്കുറിച്ചുണ്ട്. ഇതിൽ അല്പം അതിശയോക്തിയും ഉണ്ടാകാം. കാരണം പരാതിപ്പെടുന്നവൻ ചിലപ്പോൾ കൂട്ടിയും പറയാറുണ്ട്. പക്ഷെ എന്തിനാണ് ഇങ്ങനെ ദിവസങ്ങളോളം ചുറ്റിക്കറക്കുന്നത്? അതുകൊണ്ട് അമീർമാർ സമയം നിശ്ചയിക്കേണ്ടതാണ്. ആ സമയത്ത് ഓഫീസിൽ

നിർബന്ധമായും ഉണ്ടാകുകയുംവേണം. ആ നേരത്ത് ജനങ്ങളുടെ ആവശ്യങ്ങൾ നിറവേറ്റിക്കൊടുക്കുക. ചില അമീർമാർ തങ്ങളുടെ പ്രതിനിധികളെ ഇരുത്തുന്നു. ഇന്നതീരുമാനമെടുക്കാനുള്ള അധികാരം അവർക്കുണ്ടായിരിക്കുകയില്ല. എന്തെങ്കിലും തീരുമാനത്തിനായിട്ടാണ് ചെല്ലുന്നതെങ്കിൽ വീണ്ടും അവർക്ക് പ്രതീക്ഷിച്ചിരിക്കേണ്ടതായി വരുന്നു. അതുകൊണ്ട് അമീർമാർ നേരിട്ട് ഹാജരാവുകയോ പ്രതിനിധികൾക്ക് പൂർണ്ണാധികാരം നൽകുകയോ ചെയ്യേണ്ടതാണ്. ചെയ്യേണ്ടത് എന്താണെന്നുവെച്ചാൽ ചെയ്യാൻ അവരോട് പറയണം. ഇങ്ങനെവരുമ്പോൾ ആ അമീറിന്റെ ആവശ്യമെന്താണ്. അയാളെ അമീറാക്കിയാൽ പോരെ?

പുഞ്ചിരിച്ചുകൊണ്ട്, സന്തോഷത്തോടെ ജനങ്ങളുമായി കൂടിച്ചേരുക. ജമാഅത്തിൽ അല്ലാഹുവിന്റെ അനുഗ്രഹത്താൽ ആത്മാർത്ഥതയുടെ നിലവാരം വളരെ ഉയർന്നതാണ്. അമീർപുഞ്ചിരിയോടെ ഓരോ അഹ്മദിയെയും കാണുകയാണെങ്കിൽ വിചാരിച്ചകാര്യം നടന്നാലും ഇല്ലെങ്കിലും ആ പുഞ്ചിരിയിൽ തന്നെ അവർ സന്തോഷിക്കുന്നതാണ്.

ഒരു നിവേദനത്തിൽ വന്നിരിക്കുന്നു, ഹസ്റത്ത് അബൂദർ (റ) പറയുന്നു. നബി(സ) എന്നോട് പറഞ്ഞു: 'നിസ്സാരനന്മയെപ്പോലും ഹീനമായി കാണരുത്; നിങ്ങളുടെ സഹോദരനോട് നല്ലരീതിയിൽ പെരുമാറുന്ന നന്മയാണെങ്കിൽതന്നെയും.'

കണ്ട്മുട്ടുമ്പോൾ പുഞ്ചിരിക്കുകയും സഹോദരന്റെ വികാരത്തെമാനിക്കുകയും ചെയ്യുന്നതും നന്മയാണ്. നന്മയുടെ തട്ട് എത്രഭാരമുള്ളതാക്കിയാലും അതുകുറവായിരിക്കും. അതുകൊണ്ട് ഭാരവാഹികളും അമീർമാരും ഇക്കാര്യത്തിലേക്ക് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

ഇനി ഞാൻ ജമാഅത്തംഗങ്ങളോടും ചിലത് പറയാൻ ആഗ്രഹിക്കുന്നു. ജമാഅത്ത് വ്യവസ്ഥിതിയിൽ അവരെന്താണ് ചെയ്യേണ്ടത്?

ഒന്നാമതായി, എത്രത്തോളം ജമാഅത്തംഗങ്ങളുടെ നിലവാരം ഉയർന്നതാകുമോ അത്രത്തോളം ഭാരവാഹികളുടേയും നിലവാരം ഉയർന്നതായിരിക്കുമെന്നകാര്യം ഓർക്കുക. അതുകൊണ്ട് ഓരോരുത്തരും അവരെതന്നെനോക്കുക. ഈ നിലവാരം ഉയർത്തുന്നതിനുവേണ്ടി പരിശ്രമിക്കുക. ഒരു ജമാഅത്തംഗമെന്നനിലയിൽ ഭാരവാഹിയെ അനുസരിക്കുക എന്നകടമ നിറവേറ്റുക. അതിൽ ഉത്തമമായ മാതൃക കാണിക്കുക. ഈ മാതൃക നിങ്ങൾ കാണിക്കുമ്പോൾ നിങ്ങളുടെ വരും തലമുറകളേയും രക്ഷിക്കുകയായിരിക്കും ചെയ്യുന്നത്. ഈ മാതൃകകളെ കണ്ടുകൊണ്ട് നിങ്ങളുടെ തലമുറയും മുന്നോട്ട് പോകേണ്ടതാണ്. ഈമാതൃകയിൽ തലമുറകൾ നിലകൊള്ളുമ്പോൾ, അവർ പിന്നീട് ഭാരവാഹിയാകുന്ന അവസരത്തിലും ഈ മാതൃക കാണിക്കുന്നതാണ്. അത് ഉത്കൃഷ്ടമായ സ്വഭാവങ്ങളുടെ മാതൃകയാണ്.

ഹസ്റത്ത് അബൂഹുറയ്റ(റ) നിവേദനം ചെയ്യുന്നു. നബി (സ) പറഞ്ഞു: 'ആരാണോ എന്നെ അനുസരിച്ചത് അവൻ അല്ലാഹുവിനെ അനുസരിച്ചു. ആരാണോ എന്നെ ധിക്കരിച്ചത് അവൻ അല്ലാഹുവിനെ ധിക്കരിച്ചു. ആരാണോ കാലത്തിന്റെ ഭരണാധികാരിയെ അനുസരിച്ചത് അവൻ എന്നെ അനുസരിച്ചു. ആരാണോ കാലത്തിന്റെ ഭരണാധികാരിയെ ധിക്കരിച്ചത് അവൻ എന്നെ ധിക്കരിച്ചു.'

അമീറിനേയും ജമാഅത്ത് വ്യവസ്ഥിതിയേയും അനുസരിക്കുന്നത് സംബന്ധിച്ചുള്ള കല്പനയാണിത്. ഖലീഫയെ പരിപൂർണ്ണമായും അനുസരിക്കുന്നുവെന്ന് ആളുകൾ പറയാറുണ്ട്. എല്ലാകല്പനകളും അംഗീകരിക്കാൻ തയ്യാറാണെന്നും പറയാറുണ്ട്. പക്ഷെ, ഇന്ന ഭാരവാഹിയിലോ അമീറിലോ ഇന്ന ന്യൂനതയുള്ളതുകൊണ്ട് അവരെ അനുസരിക്കാൻ പറ്റില്ലെന്നും പറയുന്നു. വ്യവസ്ഥിതിയിലെ എല്ലാ ഭാരവാഹികളേയും അനുസരിക്കുമ്പോഴാണ് വാസ്തവത്തിൽ ഖലീഫയെ അനുസരിക്കുന്നത്. അപ്പോൾ മാത്രമേ അല്ലാഹുവിനേയും അവന്റെ റസൂലിനേയും അനുസരിക്കുന്നവരായിത്തീരുകയുള്ളു.

മറ്റൊരു നിവേദനത്തിൽ വന്നിരിക്കുന്നു. നബി (സ) പറഞ്ഞു: 'സന്തോഷാവസരത്തിലും സന്താപാവസരത്തിലും ഐശ്വര്യത്തിലും ദാരിദ്ര്യത്തിലും അവകാശം കിട്ടുമ്പോഴും ധ്വംസിക്കപ്പെടുമ്പോഴും ചുരുക്കത്തിൽ, എതവസരത്തിലും നിങ്ങൾ കാലത്തിന്റെ ഭരണാധികാരിയുടെ കല്പന കേൾക്കേണ്ടതും അനുസരിക്കേണ്ടതും നിർബന്ധമാണ്.'

ഏതവസ്ഥയായാലും നിങ്ങളുടെ അവകാശം ധ്വംസിക്കപ്പെടുമ്പോഴും, നിങ്ങളോട് അതിക്രമം പ്രവർത്തിക്കുമ്പോഴും നിങ്ങളോട് നല്ലരീതിയിൽ പെരുമാറുന്നില്ലെങ്കിലും മറ്റുള്ളവരോട് നല്ലരീതിയിൽ പെരുമാറുന്നുണ്ടെങ്കിലും പറയുന്നത് നിങ്ങൾ അനുസരിക്കേണ്ടതാണ്. കലഹത്തിനും വഴക്കിടാനുമായി തുനിയരുത്. ഒരുകാര്യവും നിഷേധിക്കരുത്. നിങ്ങളുടെ ജോലി അനുസരിക്കുക എന്നതുമാത്രമാണ്. എന്തെങ്കിലും തെറ്റായ പ്രവണതകാണ്ടാൽ അത് കാലത്തിന്റെ ഖലീഫയെ അറിയിക്കാൻ എന്തായാലും അവകാശമുണ്ട്. പിന്നീട് മൗനം പാലിക്കുക. എന്തായി, എന്തായില്ല എന്നു തിരക്കിനടക്കേണ്ട കാര്യമില്ല. കാര്യം അറിയിച്ചു; അത്രമാത്രം.

ഉബാദബിൻ ബിൻ സാമിത് പറയുന്നു. നബി (സ) ഞങ്ങളിൽ നിന്ന് ബൈഅത്ത് വാങ്ങുമ്പോൾ ഈ ഉടമ്പടി വാങ്ങി. ഞെരുക്കത്തിലും, ഐശ്വര്യത്തിലും സന്താപാവസരത്തിലും, സന്തോഷവേളയിലും ഏതവസ്ഥയിലും ഞങ്ങൾ അങ്ങ് പറയുന്നത് കേൾക്കുന്നതാണ്. അനുസരിക്കുകയും പിൻപറ്റുകയും ചെയ്യുന്നതാണ്. ഞങ്ങളെക്കാൾ മറ്റുള്ളവർക്ക് മുൻഗണന നല്കപ്പെട്ടാലും ശരി. വ്യക്തമായ സത്യനിഷേധം (കുഫ്ർ) കണ്ടാൽ മാത്രമല്ലാതെ, അല്ലെങ്കിൽ ഭരണാധികാരി തെറ്റിലാണെന്ന് അല്ലാഹുവിൽ നിന്ന്

വ്യക്തമായ തെളിവ് ലഭിച്ചാലല്ലാതെ പ്രവർത്തിക്കുന്നവരോടും അതിനു കഴിവുള്ളവരോടും പോരാടുകയില്ല. ഇപ്രകാരം തന്നെ അല്ലാഹുവിന്റെ കല്പനയെക്കുറിച്ച് എന്തെങ്കിലും ശകാരിക്കുന്നവന്റെ ശകാരത്തെയും സത്യമായകാര്യം പറയുന്നതിനെയും ഞങ്ങൾ ആരെയും ഭയപ്പെടുകയില്ല.

ഇതിന്റെ ഉദ്ദേശ്യവും അനുസരണത്തിന്റെ വൃത്തത്തിൽ ഇരുന്നുകൊണ്ട് സത്യമായ കാര്യം പറയുക എന്നതാണ്; ശരീഅത്തിന്നെതിരിൽ പ്രവർത്തിച്ചാലൊഴികെ. അപ്പോൾ അനുസരിക്കാൻ പാടില്ല. പാക്കിസ്ഥാൻ ഭരണകൂടം, നമസ്കരിക്കാൻ പാടില്ലായെന്ന നിയന്ത്രണം അഹ്മദികളുടെ മേൽ ഏർപ്പെടുത്തി. അല്ലാഹുവിന്റെ കല്പനയെ അനുസരിക്കുകയെന്നത് നമ്മുടെ അവകാശമാണ്. ശരീഅത്തിന്റെ നിയമങ്ങളെക്കാൾ ഉന്നതമായ ഒരു നിയമവും ഇല്ല. അതുകൊണ്ട് അഹ്മദി നമസ്കരിക്കുന്നു. ഇതിനുപുറമെ രാജ്യത്തെ എല്ലാ നിയമങ്ങളേയും നാം അനുസരിക്കുന്നു.

ഒരു നിവേദനത്തിൽ വന്നിരിക്കുന്നു. ഹസ്റത്ത് അനസ് ബിൻ മാലിക് (റ) പറയുന്നു. നബി (സ) പറഞ്ഞു: 'ഉണങ്ങിയ മുന്തിരിയുടെ ആകൃതിയിലുള്ള തലയുള്ള ഒരു നീഗ്രോ അടിമയാണ് നിങ്ങളുടെ ഭരണകർത്താവായി നിയോഗിക്കപ്പെടുന്നതെങ്കിലും നിങ്ങൾ കേൾക്കുകയും അനുസരിക്കുകയും ചെയ്യണം.'

ബലഹീനരായി നിങ്ങൾ മനസ്സിലാക്കുന്ന ആളാണ് നിങ്ങളുടെ ഇമാമെങ്കിലും നിങ്ങൾ അനുസരിക്കണം.

നബി(സ) പറഞ്ഞു: 'ആരെങ്കിലും തന്റെ അമീറിൽ നിന്ന് വല്ലതും വെറുക്കേണ്ടതായി വന്നാൽ അവൻ ക്ഷമ കൈക്കൊള്ളട്ടെ. ഭരണമേധാവിയോടുള്ള അനുസരണത്തിൽ നിന്ന് ഒരുചാൺ പുറത്തുപോയവൻ അനിസ്ലാമിക സ്വഭാവത്തോടെയാണ് മരണപ്പെട്ടുപോവുക.'

ക്ഷമിക്കുക എന്നതുകൊണ്ടുള്ള ഉദ്ദേശ്യം, അമീറിന്റെ എന്തെങ്കിലും ദോഷകരമായ കാര്യം കണ്ടാൽ മുഴുവൻ വ്യവസ്ഥിതിയേയും ധിക്കരിക്കുക എന്നതല്ല. വ്യവസ്ഥിതിയുമായി ചേർന്ന് നിൽക്കണം. അക്കാര്യം പിന്നീട് ബന്ധപ്പെട്ടവരെ അറിയിക്കുക. അതിനുശേഷം ക്ഷമിക്കുക. ജമാഅത്തിൽ നിന്ന് ബന്ധം വിച്ഛേദിക്കരുത്. ജമാഅത്തിൽ നിന്ന് ബന്ധം വിച്ഛേദിച്ചാൽ അത് ജഹാലത്തിന്റെ അഥവാ അവിശ്വാസത്തിന്റെ മരണമായിത്തീരും.

സഹിക്കാൻ കഴിയുകയില്ല അതുകൊണ്ടാണ് ഞങ്ങൾ ഒരുഭാഗത്ത് നീങ്ങിനിന്നതെന്നും നമസ്കാരത്തിനും ജുമുഅയ്ക്കുതന്നെയും വരാത്തതെന്നും ആരാണോ പറയുന്നത് അവർ അവിശ്വാസത്തിന്റെ പ്രവർത്തനമാണ് നടത്തുന്നത്. ഒന്നോ രണ്ടോ സംഭവമുണ്ടാകാം. പൊതുവെ ജമാഅത്തിൽ അല്ലാഹുവിന്റെ അനുഗ്രഹത്താൽ അത്തരം സംഭവങ്ങൾ ഉണ്ടാകാറില്ല. അവിശ്വാസത്തിന്റെ ഈ പ്രവർത്തനത്തിൽ നിന്ന് എപ്പോഴും വിട്ടുനിൽക്കേണ്ടതാണ്. നിങ്ങളുടെ ജോലി ക്ഷമിക്കുക, ദുആചെയ്യുക എന്നതുമാത്രമാണ്. ഞാൻ ആരംഭത്തിലും പറയുകയുണ്ടായി. സദുദ്ദേശ്യത്തോടെ നിങ്ങൾ ചെയ്ത ദുആ ഞാൻ സ്വീകരിക്കുമെന്ന് അല്ലാഹു പറഞ്ഞിരിക്കുന്നു.

ഒരു നിവേദനത്തിൽ വന്നിരിക്കുന്നു. ഹസ്റത്ത് ഔഫ് ബിൻ മാലിക് (റ) പറയുന്നു. നബി (സ) പറയുന്നത് ഞാൻ കേട്ടു. 'നിങ്ങൾ ഇഷ്ടപ്പെടുകയും നിങ്ങളെ ഇഷ്ടപ്പെടുകയും നിങ്ങൾ പ്രാർത്ഥിക്കുകയും നിങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുന്നവരാണ് നിങ്ങളുടെ ഉത്തമ ഇമാമുകൾ.' ഞാൻ ചോദിച്ചു. 'അല്ലാഹുവിന്റെ പ്രവാചകരെ, ഞങ്ങളവരെ നിരാകരിച്ചാലോ?' 'അവർ നമസ്കാരം നിർവ്വഹിച്ചുകൊണ്ടിരിക്കുമ്പോഴൊക്കെ നിങ്ങളതു ചെയ്യരുത്.' ഈ കല്പന വ്യക്തമായ നിലയിൽ നബി (സ) നൽകിയിരിക്കുകയാണ്. നിങ്ങളെ എത്രമാത്രം ബുദ്ധിമുട്ടിക്കുന്നവരാണെങ്കിലും പരസ്പരം ശാപം ചൊരിയുന്നവരാണെങ്കിലും എപ്പോഴും നിങ്ങൾ അവരെ ധിക്കരിക്കരുത്. ഒരിക്കലും ജമാഅത്തിൽ ഇത്തരം അവസ്ഥ ഉണ്ടാകാതിരിക്കാൻ അല്ലാഹു അനുഗ്രഹിക്കട്ടെ. പക്ഷേ ഇതൊരു ഉദാഹരണമാണ്. അത്തരം അവസ്ഥ ഉണ്ടായാൽ തന്നെ നിങ്ങൾ അനുസരണ കാണിക്കേണ്ടതാണ്. ദുആ ചെയ്തുകൊണ്ടിരിക്കുക. അല്ലാഹു അവന്റെ പ്രത്യേകാനുഗ്രഹത്താൽ ജമാഅത്തിനേയും ജമാഅത്തു വ്യവസ്ഥിതിയേയും തന്റെ സംരക്ഷണത്തിൽ വയ്ക്കുമാറാകട്ടെ.

ജമാഅത്തംഗങ്ങളും ഭാരവാഹികളും അല്ലാഹുവിന്റെ തൃപ്തിക്കുവേണ്ടി ജമാഅത്തിന്റെ അഭിമാനത്തിനായി പരസ്പരം അവകാശങ്ങൾ നിറവേറ്റുന്നവരാകുകയാണെങ്കിൽ അല്ലാഹുവും അവന്റെ പ്രത്യേകമായ അനുഗ്രഹം വർഷിച്ചുകൊണ്ടിരിക്കുന്നതാണ്. നബി(സ) പറയുന്നു: 'എന്റെ പ്രതാപത്തിനും, മഹത്വത്തിനുംവേണ്ടി പരസ്പരം സ്നേഹിച്ചിരുന്ന ആ ആളുകൾ എവിടെ എന്ന് അല്ലാഹു പുനരുത്ഥാന നാളിൽ ചോദിക്കും. ഇന്ന് എന്റെ തണലല്ലാതെ മറ്റൊരു തണലുമില്ല. ഞാനവർക്ക് എന്റെ കാരുണ്യത്തിന്റെ തണലിൽ ഇടം നല്കുന്നതാണ്.'

ഇന്ന് അല്ലാഹുവിന്റെ പ്രതാപത്തെയും മഹത്വത്തെയും സ്ഥാപിക്കേണ്ട ജോലി ഓരോ അഹ്മദികൾക്കുമുള്ളതാണ്. അല്ലാഹുവിന്റെ തൃപ്തിക്കുവേണ്ടി നാം പരസ്പരം സ്നേഹിക്കുകയും പ്രേമിക്കുകയും ദയയോടെ പെരുമാറുകയും അനുസരണത്തിന്റെ മാതൃക കാണിക്കുകയും ചെയ്യുക; അല്ലാഹുവിന്റെ കാരുണ്യത്തിന്റെ തണലിൽ ഇടം കിട്ടുന്നതിനുവേണ്ടി. അല്ലാഹു എല്ലാവർക്കും ഇതിനു തൗഫീഖ് നൽകുമാറാകട്ടെ.

ജമാഅത്ത് വളരുമ്പോൾ അസൂയാലുക്കളുടെ അസൂയയും വർധിക്കുന്നതാണ്. അവരും വിവിധ

പ്രവൃത്തികളിലൂടെയും വഞ്ചനകളിലൂടെയും ജമാഅത്തിൽ അസ്വസ്ഥത സൃഷ്ടിക്കാൻ ശ്രമിക്കുന്നതാണ്. സഹതാപം നടിച്ച് അവർ സംസാരിക്കുന്നുണ്ടാകും. വാസ്തവത്തിൽ ഇവർ എതിരാളികളുടെ ആയുധമായി പ്രവർത്തിക്കുന്നവരാണ്. ചിലപ്പോൾ, ചില ഭാരവാഹികൾക്കെതിരെ തെറ്റുധാരണ പരത്താൻ ശ്രമിക്കുന്നു. ചിലപ്പോൾ ജമാഅത്ത് അംഗത്തിന്റെ മനസ്സിൽ ഭാരവാഹിയെക്കുറിച്ച് തെറ്റുധാരണയുണ്ടാക്കാൻ ശ്രമിക്കുന്നു. ചിലപ്പോൾ കേന്ദ്ര ഉദ്യോഗസ്ഥന്മാർക്കെതിരെ തെറ്റുധാരണയുണ്ടാക്കാൻ ശ്രമിക്കുന്നു. ചിലപ്പോൾ എനിക്കും അത്തരം കത്തെഴുതാറുണ്ട്. മിക്കപ്പോഴും പേരില്ലാത്ത കത്തായിരിക്കുമത്. ജമാഅത്തിൽ ആത്മാർത്ഥതയും കൂറുമൊന്നും അവശേഷിക്കുന്നില്ല എന്നായിരിക്കും എഴുതുന്നത്. നഊദുബില്ലാഹ്. എല്ലാ ഭാരവാഹികളും ജമാഅത്തിലെ അധികമാളുകളും ഹസ്റത്ത് മസീഹ് മൗഊദ് (അ) ന്റെ പാഠങ്ങളിൽ നിന്ന് അകന്നുപോയിരിക്കുന്നു എന്നും എഴുതുന്നു. ഇതെല്ലാം അവരുടെ മനസ്സിലെ ആഗ്രഹങ്ങളാണ്. ഒരാൾ എനിക്കെഴുതി. ജമാഅത്ത് പേരിനുമാത്രമേയുള്ളൂ എന്ന നിലയിൽ ഭയാനകമായ ചിത്രമാണതിൽ വരച്ചിട്ടുള്ളത്. കർമ്മങ്ങളില്ല, ഒന്നുമവശേഷിച്ചിട്ടില്ല. ആത്മാർത്ഥത നഷ്ടപ്പെട്ടിരിക്കുന്നു. പിന്നീടെഴുതുന്നു. താങ്കൾ എനിക്ക് മറുപടി എഴുതുന്നത് ഹസ്റത്ത് അലി നൽകിയ മറുപടിയായിരിക്കുമെന്ന് തനിക്കറിയാമെന്നും അയാൾ എഴുതിയിരിക്കുന്നു; അതായത് ആദ്യ ഖലീഫമാരെ അംഗീകരിച്ചിരുന്നത് എന്നെപ്പോലുള്ളവരായിരുന്നു. എന്നെ അംഗീകരിക്കുന്നവർ നിങ്ങളെപ്പോലുള്ളവരുമാണ്. എന്നാൽ കേട്ടുകൊള്ളുക. എന്റെ മറുപടി ഇതല്ല. അല്ലാഹുവിന്റെ അനുഗ്രഹത്താൽ അഹ്മദിയ്യാ ഖിലാഫത്ത് എന്നെന്നും നിലനിൽക്കുന്നതാണ്. ആത്മാർത്ഥത നിലനിലനിർത്തുന്നവർ അതിൽ എപ്പോഴും ജനിച്ചുകൊണ്ടിരിക്കും. ഇപ്പോൾ അല്ലാഹുവിന്റെ അനുഗ്രഹത്താൽ ജമാഅത്തിൽ ലക്ഷക്കണക്കിന് കോടിക്കണക്കിനാളുകൾ അലിയുടെ കാലടിപാതയിലൂടെ സഞ്ചരിച്ച് ആത്മാർത്ഥതയും കൂറും നിലനാട്ടാൻ അറിയുന്നവരാണ്. ജമാഅത്ത് വ്യവസ്ഥിതിയ്ക്കും ഖിലാഫത്ത് വ്യവസ്ഥിതിയ്ക്കും വേണ്ടി ത്യാഗം വരിക്കാൻ അറിയുന്നവരാണ്. പേടിപ്പിക്കാനാണെങ്കിൽ ഏതെങ്കിലും ഭൗതികവാദിയെ പേടിപ്പിക്കുക. ഞാൻ നിത്യവും അല്ലാഹുവിന്റെ അനുഗ്രഹത്തിന്റേയും അവന്റെ സഹായത്തിന്റേയും കാഴ്ച കണ്ടുകൊണ്ടിരിക്കുന്നു. ജനങ്ങളുടെ ആത്മാർത്ഥതയും കൂറും കണ്ടുകൊണ്ടിരിക്കുന്നു. ഇക്കാര്യങ്ങളൊന്നും എന്നെ ഭയപ്പെടുത്തുന്നതല്ല. ഇൻശാഅല്ലാഹ്, അല്ലാഹു തആല മസീഹ് മൗഊദ് (അ)നോട് ചെയ്ത വാഗ്ദാനം പൂർത്തിയാക്കി നമ്മെ കാണിച്ചുകൊണ്ടിരുന്നിട്ടുണ്ട്, കാണിച്ചുകൊണ്ടിരിക്കുകയും ചെയ്യും. അല്ലാഹു തആല നമ്മുടെ വരും തലമുറയേയും കാണിച്ചുകൊണ്ടിരിക്കുന്നതിന് വേണ്ടി ദുആ ചെയ്യുക.

ജമാഅത്തിനോട് ഞാൻ പറയുകയാണ്, ദുആയോടുകൂടി എല്ലാ തലങ്ങളിലും ആത്മാർത്ഥതയും കൂറും കാണിച്ചുകൊണ്ട് ഹസ്റത്ത് മസീഹ് മൗഊദ് (അ) പറഞ്ഞ ആ പഠം അനുസരിച്ച് പ്രവർത്തിച്ച് മുന്നോട്ടുപോവുക. വിനയവും വണക്കവും കാണിച്ചുകൊണ്ട് നിങ്ങൾ മുന്നോട്ടു പോവുകയാണെങ്കിൽ ഒന്നും ഭയപ്പെടാനില്ല. നബി (സ)യുടെ കല്പനയനുസരിച്ച് ജമാഅത്തുമായി പറ്റിച്ചേർന്നിരിക്കുക. എന്നാൽ ഒന്നും ഭയപ്പെടാനില്ല. വഞ്ചനയിലകപ്പെട്ട് ശയ്ത്വാന്റെ പിടിയിലമർന്ന് ജമാഅത്തിനെ ഉപേക്ഷിക്കുന്നവർക്ക് അപകടമാണ്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ അഹ്മദിയ്യാജമാഅത്തിനും, അഹ്മദിയ്യാ ജമാഅത്തിനെ പറ്റിപ്പിടിച്ചിരിക്കുന്നവർക്കും ഒരു അപകടവുമില്ല. അവരുടെ ഇഹലോകവും പരലോകവും ഒരുക്കപ്പെട്ടതാണ്. ഇൻശാഅല്ലാഹ് ഒരുക്കപ്പെട്ടിരിക്കും.

ഹസ്റത്ത് മസീഹ് മൗഊദ്(അ) ന്റെ ഒരു ഉദ്ധരണി കേൾപ്പിക്കുകയാണ്. എന്താണ് ഹസ്റത്ത് മസീഹ് മൗഊദ്(അ) ജമാഅത്തിൽ നിന്ന് പ്രതീക്ഷിക്കുന്നത്, അല്ലാഹു ആ പ്രതീക്ഷക്കൊത്ത് ഉയരാൻ എല്ലാവർക്കും തൗഫീഖ് നൽകുമാറാകട്ടെ. പറഞ്ഞു: "എന്റെ ജമാഅത്തിലെ ഓരോ അംഗവും നിർബന്ധമായും ഇത് പാലിക്കേണ്ടതാണ്, അതായത് നിങ്ങളുടെ മജ്ലിസുകളിൽ ഒരുതരത്തിലുള്ള അശുദ്ധിയും പരിഹാസവും നേരമ്പോക്കും ഉണ്ടാകാൻ പാടില്ല. സദ്ഹൃദയവും പരിശുദ്ധ സ്വഭാവവും പവിത്രമായ വിചാരവും കൊണ്ട് ഭൂമിയിൽ നടക്കുക. ഓർമ്മിക്കുക. ഒരു ഉപദ്രവവും ദൃഷ്ടിയുദ്ധത്തിന് യോഗ്യമല്ല. അതുകൊണ്ട് എപ്പോഴും മാപ്പുകൊടുക്കാനും വിട്ടുവീഴ്ച ചെയ്യാനും ശീലിക്കേണ്ടത് അത്യാവശ്യമാണ്. ക്ഷമയോടും സഹനത്തോടും കൂടി പ്രവർത്തിക്കുക. അന്യായമായ നിലയിൽ ആരേയും ആക്രമിക്കാതിരിക്കുക. ശരീരേച്ഛയെ അമർത്തിവയ്ക്കുക." പറഞ്ഞു: "ആരെങ്കിലും വിവരക്കേട് കാണിച്ചാൽ സലാം പറഞ്ഞ് ആ മജ്ലിസിൽ നിന്ന് പെട്ടെന്ന് എഴുന്നേൽക്കുക." വീണ്ടും അവിടന്ന് പറയുന്നു: "നിങ്ങളെ മുഴുലോകത്തിനും നന്മയുടേയും സാത്വികതയുടേയും മാതൃകയിലുള്ള ജമാഅത്താക്കിത്തീർക്കാനാണ് അല്ലാഹു ആഗ്രഹിക്കുന്നത്. അതുകൊണ്ട് തിന്മ പ്രവർത്തിക്കുകയും ഉപദ്രവം ചെയ്യുകയും ഫിത്ന ഉണ്ടാക്കുകയും ദുർവിചാരം വെച്ചുപുലർത്തുകയും ചെയ്യുന്നവനെ എത്രയും വേഗം നിങ്ങളുടെ ഇടയിൽ നിന്ന് പുറത്താക്കുക. വിനയത്തോടും നന്മയോടും സാത്വികതയോടും സൗമ്യതയോടും മൃദുല സംസാരത്തോടും സൽസ്വഭാവത്തോടും സദാചാരത്തോടും കൂടി നമ്മുടെ ജമാഅത്തിൽ നില്ക്കാൻ കഴിയാത്തവൻ എത്രയും വേഗം നമ്മളിൽ നിന്ന് അകന്നുപോകേണ്ടതാണ്. കാരണം അത്തരക്കാർ നമ്മുടെ ഇടയിൽ കഴിയുന്നത് നമ്മുടെ

അല്ലാഹു ആഗ്രഹിക്കുന്നില്ല. അവൻ തീർച്ചയായും ദുർഗതിയിൽ മരിക്കുന്നതാണ്. കാരണം അവൻ സൽപന്ഥാവ് സ്വീകരിച്ചില്ല. അതുകൊണ്ട് നിങ്ങൾ ജാഗരൂകരാകുക. സദ്ഹൃദയരും സൽസ്വഭാവിയും പരിശുദ്ധരുമായിത്തീരുക. അഞ്ചു നേരനമസ്കാരം കൊണ്ട്, സൽസ്വഭാവം കൊണ്ടും നിങ്ങൾ തിരിച്ചറിയപ്പെടും, തിന്മയുടെ ബീജം ഉള്ളവർ ഈ ഉപദേശത്തിൽ നിലകൊള്ളുകയില്ല."

ജമാഅത്ത് എന്നെന്നും നിലനില്ക്കുന്നതാണ്, ഉപദേശികൾ മാറ്റപ്പെടാം. ഇതു ഉപദേശികളായിട്ടുള്ളവർ മനസ്സിലാക്കിയിരിക്കേണ്ടതാണ്. ഈ അദ്ധ്യാപനമനുസരിച്ച് പ്രവർത്തിക്കാൻ അല്ലാഹു എല്ലാവർക്കും തൗഫീഖ് നല്കുമാറാകട്ടെ. എപ്പോഴും ജമാഅത്തിനോട് പറ്റിച്ചേർന്നിരുന്ന് ജമാഅത്ത് വ്യവസ്ഥിതിയെ അനുസരിച്ച് മറ്റുള്ളവരുടെ അവകാശങ്ങൾ ശ്രദ്ധിച്ചുകൊണ്ട്, ഹസ്റത്ത് മസീഹ് മൗഊദ് (അ) നോട് അല്ലാഹു വാഗ്ദാനം ചെയ്ത അനുഗ്രഹത്തിന് അവകാശികളാകാൻ അല്ലാഹു എല്ലാവർക്കും തൗഫീഖ് നല്കുമാറാകട്ടെ. ആമീൻ.

JUMUA KHUTHBA
**HADHRAT MIRZA MASROOR AHMAD**
KHALIFATHUL MASIH - V
on
31 - 12 - 2004
at
France.

**വിവർത്തനം** : മുഹമ്മദ് ഇസ്മായീൽ H.A ആലപ്പുഴ
**MOBILE : 98951 26027**

**MTA** യിൽ നിന്ന് തർജ്ജമ ചെയ്തത്

Page Layout & Type Set: Majlis Khuddamul Ahmadiyya, Kakkanad
Published by : **Majlis Khuddamul Ahmadiyya, Kerala**

## അറിയിപ്പ്

11-1-2005 ചൊവ്വാഴ്ച മാസപ്പിറവി ദൃശ്യമായതിനാൽ 21 -1-2005 വെള്ളിയാഴ്ചയായിരിക്കും ഈദുൽ അള്ഹാ

അമീർ കേരള

## അറിയിപ്പ്

11-1-2005 ചൊവ്വാഴ്ച മാസപ്പിറവി ദൃശ്യമായതിനാൽ 21 -1-2005 വെള്ളിയാഴ്ചയായിരിക്കും ഈദുൽ അള്ഹാ

അമീർ കേരള